# ശ്രീനാരായണ ഗുരുമന്ദിരം, പാങ്ങപ്പാറ

തിരുവനന്തപുരം ജില്ലയിൽ കാര്യവട്ടം യൂണിവേഴ്സിറ്റി കാമ്പസിൽ നിന്നും അര കിലോമീറ്റർ തെക്കാണ് പാങ്ങപ്പാറ ശ്രീനാരായണഗുരുമന്ദിരം സ്ഥിതിചെയ്യുന്നത്. ഗുരുദേവന്റെ ജന്മസ്ഥലമായ ചെമ്പഴന്തിക്കും ഗുരുദേവൻ രണ്ടാമത് ശിവപ്രതിഷ്ഠ നടത്തിയ കോലത്തുകര ക്ഷേത്രത്തിനും മദ്ധ്യഭാഗത്താണ് ഗുരുമന്ദിരം. ചെമ്പഴന്തിയിൽ നിന്നും പാങ്ങപ്പാറ വഴി കുളത്തൂരിലേക്കുള്ള തൃപ്പാദങ്ങളുടെ യാത്രാവേളയിൽ കുളത്തൂർ വലിയവീട്ടിൽ കുടുംബാംഗം പാങ്ങപ്പാറ മൊട്ടലുംമൂട് വീട്ടിൽ ശ്രീ.എസ്.കുഞ്ഞുരാമൻ ഗുരുവിനെ കാണുവാനിടയായി. പിൽക്കാലത്ത് ഇദ്ദേഹം ആദർശാനന്ദ സ്വാമികൾ എന്ന നാമധേയത്തിൽ ഗുരുസന്ദേശങ്ങളുടെ പ്രചാരകനായി. കേരളത്തിൽ ശ്രീനാരായണ ദർശനങ്ങൾ പ്രചരിപ്പിച്ച അദ്ദേഹം ഭക്തരിൽനിന്ന് ലഭിച്ച സഹായങ്ങൾ സ്വരൂപിച്ചുകൊണ്ട് 1971-ൽ പാങ്ങപ്പാറ മുൻ ദേശീയപാതയ്ക്ക് സമീപം കുടുംബ പുരയിടത്തിൽ ഒരു ഗുരുമന്ദിരം സ്ഥാപിച്ചു. തൃപ്പാദങ്ങളുടെ ഫോട്ടോക്കു മുന്നിൽ ഞായറാഴ്ചതോറും നടത്തിവന്ന പ്രാർത്ഥനകളുടെയും ശ്രീമത് ആദർശാനന്ദ സ്വാമികളുടെ ആത്മനിഷ്ഠമായ പ്രവർത്തനങ്ങളുടെയും ഫലമായി വൈദ്യകലാനിധി മാവേലിക്കര ശ്രീ.കുഞ്ഞുരാമൻ വൈദ്യർ സമർപ്പിച്ച ഗുരുദേവപ്രതിമ ഇവിടെ പ്രതിഷ്ഠിക്കുവാനും കഴിഞ്ഞു. കേരളത്തിന്റെ മുൻ മുഖ്യമന്ത്രി ശ്രീ.ആർ.ശങ്കർ 8/2/1971-ൽ ഈ ഗുരുമന്ദിരത്തിന്റെ ഉദ്ഘാടനകർമ്മം നിർവഹിച്ചു.



ഗുരുമന്ദിരസ്ഥാപകൻ

ഗുരുമന്ദിരവും അതിലുൾപ്പെടുന്ന പ്രദേശത്തിന്റെയും കൈവശാവകാശം പിൽക്കാലത്ത് ശ്രീമത് ആദർശാനന്ദ സ്വാമികളുടെ മൂത്തപുത്രനായ ശ്രീ. കെ.പുരുഷോത്തമന് ലഭിക്കുകയുണ്ടായി. പാങ്ങപ്പാറയിലെ ഗുരുദേവ ഭക്തരുടെ അഭ്യർത്ഥന മാനിച്ച് ശ്രീ.കെ.പുരുഷോത്തമൻ ഗുരുമന്ദിരത്തിന്റെ ഭരണ ചുമതല ശ്രീ.വി.കെ.സുരേന്ദ്രൻ പ്രസിഡന്റും ശ്രീ.ബി രാജേന്ദ്രൻ സെക്രട്ടറിയുമായുള്ള ഒരു താൽക്കാലിക കമ്മിറ്റിയെ ഏൽപ്പിക്കുകയുണ്ടായി. ഗുരുമന്ദിരത്തിനു സമീപമുണ്ടായിരുന്ന ദേശീയപാതയ്ക്ക് മാറ്റം വന്നതിനെ തുടർന്ന് 1984-ൽ ശ്രീ.കെ.പുരുഷോത്തമൻ മുൻകൈയെടുത്ത് പുതിയ നാഷണൽ ഹൈവേയ്ക്കു സമീപം ഗുരുമന്ദിരം മാറ്റി സ്ഥാപിക്കുവാൻ തീരുമാനിക്കുകയും, പാങ്ങപ്പാറ പുതുമംഗലത്തു വീട്ടിൽ യശഃശരീരനായ ശ്രീ.നാരായണപിള്ള ഗുരുമന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തനത്തിന് തുടക്കം കുറിക്കുകയും ചെയ്തു. ഇതിന്റെ ഉദ്ഘാടനം മുൻ കേരള നിയമസഭാ സ്പീക്കർ ശ്രീ.വക്കം പുരുഷോത്തമൻ 30/11/1984-ൽ നിർവഹിച്ചു സന്യാസിശ്രേഷ്ഠനായ ശ്രീമത് പവിത്രാനന്ദ സ്വാമികളുടെ മുഖ്യകാർമ്മികത്വത്തിൽ പുനഃപ്രതിഷ്ഠ നടത്തുകയും ചെയ്തു. ശ്രീമതി മാധവി സുകുമാരൻ ഗുരുമന്ദിരത്തിൽ ഭദ്രദീപം തെളിയിച്ചു. കേരളാ ചാരിറ്റബിൾ സൊസൈറ്റി ആക്റ്റ് പ്രകാരം 516/84-ാം നമ്പരായി നിലവിൽ വന്ന പാങ്ങപ്പാറ ശ്രീനാരായണ ഗുരുമന്ദിര സമിതിക്ക് ഇതിന്റെ ഭരണച്ചുമതല കൈമാറുകയും ചെയ്തു. ഗുരുമന്ദിരസമിതി നിലവിൽവന്നശേഷം ഗുരുമന്ദിരത്തിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും ഭാവിപ്രവർത്തനങ്ങൾക്ക് അടിത്തറ പാകുന്നതിനും അക്ഷീണം പ്രയത്നിച്ച പ്രഥമ പ്രവർത്തകസമിതിയിലെ ഭാരവാഹികളായ പ്രസിഡന്റ് ശ്രീ എസ്. ചെല്ലപ്പൻ, വൈസ് പ്രസിഡന്റ് ശ്രീ പി.ശിവൻ നായർ, ജനറൽ സെക്രട്ടറി ശ്രീ കെ.ദേവേന്ദ്രൻ, ട്രഷറർ ശ്രീ.പ്രഹ്ളാദൻ, പ്രവർത്തക സമിതി അംഗങ്ങൾ എന്നിവരുടെ സേവനങ്ങൾ എക്കാലവും സ്മരിക്കപ്പെടുന്നതാണ്. 'വിദ്യകൊണ്ട് പ്രബുദ്ധരാവുക' എന്ന ഗുരുസന്ദേശത്തിന്റെ പൂർത്തീകരണത്തിനായി ഒരു വായനശാല



ശ്രീ.കെ.പുരുഷോത്തമൻ

നിർമ്മിക്കുവാൻ തീരുമാനിച്ചു. '*ഡോ. സി. കെ. ഗോപി വായനശാലഹാളിന്റെ* ' ശിലാസ്ഥാപന കർമ്മം പാങ്ങപ്പാറ ചൈതന്യയിൽ ശ്രീമതി സുമംഗല അമ്മയും നിർമ്മാണ പ്രവർത്തനങ്ങളുടെ തുടക്കം പാങ്ങപ്പാറ മുടിവിളാകത്ത് വീട്ടിൽ യശഃശരീരനായ ശ്രീ. ഗംഗാധരൻപിള്ളയും നിർവ്വഹിച്ചു. ശ്രീനാരായണ ഗുരുമന്ദിര സമിതി നിർമ്മിച്ച സമിതി കാര്യാലയത്തിന്റെയും വായനശാലാ ഹാളിന്റെയും ഉദ്ഘാടന കർമ്മം മുൻ കേരളാ ഗവർണ്ണർ ശ്രീ പി. രാമചന്ദ്രൻ 30/8/1986-ൽ നിർവ്വഹിക്കുകയുണ്ടായി. കംമ്പ്യൂട്ടർ പഠനം നടത്തുന്നതിനായി പാങ്ങപ്പാറ വിനായകയിൽ ശ്രീ. കെ. ജയദേവൻ പണിയിച്ച ഹാൾ എസ്. എൻ. ഡി. പി. യോഗം ജനറൽ സെക്രട്ടറി ശ്രീ വെള്ളാപ്പള്ളി നടേശൻ 30. 8. 2001 ന് പൊതുജനങ്ങൾക്കായി തുറന്നു കൊടുത്തു. ഗുരുമന്ദിരത്തിനും അതിനോടനുബന്ധിച്ചുള്ള മൂന്നുനില കെട്ടിടസമുച്ചയത്തിനും അനുയോജ്യമായ ഒരു മുഖമണ്ഡപം പാങ്ങപ്പാറ ചിറ്റാറ്റുവീട്ടിൽ ശ്രീ. ബി. ശിവദാസൻ നിർമ്മിച്ചു.

ഗുരുമന്ദിരത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ കൂടാതെ വിവാഹം, കുഞ്ഞൂണ്, വിദ്യാരംഭം എന്നിവയും ഇവിടെ നടത്താറുണ്ട്. കൂടാതെ ആഴ്ചതോറും നടത്തിവന്ന സൗജന്യ മെഡിക്കൽ പരിശോധന, വിവിധ വിഷയങ്ങളെ ആസ്പദമാക്കി നടത്തുന്ന പ്രഭാഷണങ്ങൾ, ചർച്ചാക്ലാസുകൾ എന്നിവ ശ്രദ്ധേയമാണ്. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലേക്ക് നടക്കുന്ന തിരഞ്ഞെടുപ്പിൽ ഗുരുമന്ദിരം ഒരു പോളിംഗ് സ്റ്റേഷനായും പ്രവർത്തിക്കുന്നു. ഗ്രാമപഞ്ചായത്ത് പരിപാടികൾക്കും നാട്ടിലെ ഇതര സാമൂഹിക സന്നദ്ധസംഘടനകൾനടത്തുന്ന പരിപാടികൾക്കുമെല്ലാം ഗുരുമന്ദിരം വേദിയാകാറുണ്ട്.

പാങ്ങപ്പാറ ഗുരുമന്ദിരം സ്ഥാപിച്ചിട്ട് 37 വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. കഴിഞ്ഞ 24 വർഷങ്ങളായി ഇതിന്റെ ഭരണ ചുമതല ഗുരുമന്ദിരസമിതി അംഗങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്ന കമ്മറ്റിയാണ് നിർവഹിച്ചുകൊണ്ടിരിക്കുന്നത്. ഈ ഗുരുമന്ദിരത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്ന ഗുരുദേവ പ്രതിമയ്ക്ക് കാലപഴക്കത്താൽ കേടുപാടുകൾ സംഭവിച്ചതിനാൽ ശ്രീ. പ്രദീപ് ശശി പരവൂർ രൂപകൽപന ചെയ്ത് ശ്രീ. മാന്നാർ നെടിയിഴത്ത് രാജൻ നിർമ്മിച്ച ഗുരുദേവന്റെ പഞ്ചലോഹ തിരുസ്വരൂപം 2008 സെപ്റ്റംബർ 4ന് ശ്രീമത് സൂക്ഷ്മാനന്ദ സ്വാമികൾ ഗുരുമന്ദിരത്തിൽ പ്രതിഷ്ഠിച്ചു.

## *2007-ലെ പ്രവർത്തനങ്ങൾ*

ശ്രീനാരായണ ഗുരുമന്ദിരസമിതിയുടെ 9/4/06-ൽ കൂടിയ പൊതുയോഗത്തിൽ ശ്രീ. ശിശുപാലൻ (പ്രസിഡന്റ്), ശ്രീ കെ. മോഹനൻ (ജനറൽ സെക്രട്ടറി), ശ്രീ സി . എസ്. വിജയൻ (ട്രഷറർ), ശ്രീ ബി. രവീന്ദ്രൻ (വൈസ് പ്രസിഡന്റ്), ശ്രീ എം. കെ ജയദേവൻ, ശ്രീ കെ ഹരിദാസൻ (സെക്രട്ടറിമാർ), ശ്രീ. വിദ്യാധരൻ, ശ്രീ. ദേവേന്ദ്രൻ, ശ്രീ. എസ്. കുമാരദാസ്, ശ്രീ. എ. എസ്. ആശാന്ത്, ശ്രീ ബൈജു പി. ആർ, ഡോ. എൽ. തുളസിധരൻ, ശ്രീ. ജി. വിജയൻ, ശ്രീ. കെ. അഖിലേശൻ, ശ്രീ. എസ്. വിക്രമൻ എന്നിവർ ഉൾക്കൊള്ളുന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയെ തെരഞ്ഞടുത്തു. കലണ്ടർ വർഷം അനുസരിച്ചുള്ള രണ്ടുകൊല്ലത്തെ ഭരണച്ചുമതലയാണ് ഈ കമ്മിറ്റി നിർവ്വഹിക്കേണ്ടത്. ശ്രീ. ബൈജു, ശ്രീ. ആശാന്ത് എന്നിവർക്ക് വിദേശത്ത് പോകേണ്ടി വന്നതിനാലും, പ്രസിഡന്റ് ശ്രീ. ശിശുപാലന് ആരോഗ്യ പ്രശ്നങ്ങളാൽ കമ്മിറ്റിയിൽ തുടരാൻ കഴിയാത്തതിനാലും ശ്രീ. ബി ശിവദാസൻ, ശ്രീ. പി. കെ. ഗിരീഷ്കുമാർ എന്നിവരെ കമ്മിറ്റിയിലേക്ക് നോമിനേറ്റ് ചെയ്യുകയും ശ്രീ. ബി. ശിവദാസനെ പ്രസിഡന്റായി തിരഞ്ഞടുക്കുകയും ചെയ്തു.

22 മാസത്തെ ഭരണമാണ് ഈ പ്രവർത്തക സമിതിക്ക് നിറവേറ്റാനുണ്ടായിരുന്നത്. ഈ കാലയളവിൽ 29 പ്രവർത്തകസമിതി യോഗങ്ങളും 3 പൊതുയോഗങ്ങളും കൂടുകയുണ്ടായി.

## *സമിതിയുടെ ദൈനംദിന പ്രവർത്തനങ്ങൾ*

1. നിത്യപൂജ

2. ഗുരുദേവ ജയന്തി ആഘോഷം
3. ഗുരുദേവ സമാധി ദിനാചരണം
4. വൃശ്ചികം ഒന്നു മുതൽ, മകരവിളക്ക്വരെ നടത്തുന്ന വിശേഷാൽ പൂജ
5. വായനശാല പ്രവർത്തനം

## *ഗുരുമന്ദിര സമിതിയുടെ മറ്റ് പ്രവർത്തനങ്ങൾ*

1. ശ്രീനാരായണ നൃത്ത വിദ്യാലയം

2007-ലെ ജയന്തി ആഘോഷത്തോടനുബന്ധിച്ച് ഒരു നൃത്ത വിദ്യാലയത്തിന് സമിതി തുടക്കം കുറിച്ചു. സിനിമാ-സീരിയൽ താരം മാസ്റ്റർ ജിജീവ് ആണ് ഉദ്ഘാടനം ചെയ്തത്. ഡാൻസ് മാസ്റ്റർ ശ്രീ കണ്ണമ്മൂല അശോക്കുമാറിന്റെ ശിക്ഷണത്തിൽ 25 കുട്ടികൾ ഇവിടെ നൃത്തം അഭ്യസിക്കുന്നു.

2. ഗുരുസാന്ത്വനം പദ്ധതി

സമൂഹത്തിലെ ദരിദ്രരും നിരാലംബരുമായവരെ സഹായിക്കുക എന്ന ലക്ഷ്യത്തോടുകൂടി ഗുരുമന്ദിരസമിതി ആരംഭിച്ച ഒരു പദ്ധതിയാണ് *ഗുരുസാന്ത്വനം.* 2007-ൽ ഈ പദ്ധതിക്ക് തുടക്കമിട്ടു. പാങ്ങപ്പാറ ഗുരുമന്ദിരത്തിനു സമീപം താമസിച്ചിരുന്ന നിരാശ്രയരായ വൃദ്ധ തങ്കമ്മയ്ക്കും അവരുടെ മനോരോഗിയായ മകൾ ജഗദമ്മയ്ക്കുമാണ് *ഗുരുസാന്ത്വനം* പദ്ധതിയുടെ ആദ്യസഹായം ലഭ്യമായത്. ഇവരുടെ വീട് അറ്റകുറ്റപണികൾ തീർത്ത് താമസയോഗ്യമാക്കുകയും പ്രതിമാസം 500 രൂപാവീതം നൽകുകയും ചെയ്തു. പക്ഷേ ഏറെ താമസിക്കാതെ വൃദ്ധയായ തങ്കമ്മ മരണമടയുകയും മനോരോഗിയായ മകൾ ഒറ്റപ്പെടുകയും ചെയ്തു. തങ്കമ്മയുടെ ശവസംസ്കാര ചടങ്ങുകളും മറ്റും സമിതി നേരിട്ട് നടത്തി. കേരളാ സാമൂഹിക ക്ഷേമ വകുപ്പ് അഡീഷണൽ ഡയറക്ടർ ശ്രീമതി. ഷീലയുടെ സഹായത്തോടുകൂടി മകളായ ജഗദമ്മയെ കേരള സർക്കാരിന്റെ പൂജപ്പുരയിലുള്ള മഹിളാമന്ദിരത്തിൽ താമസ്സിപ്പിച്ചിരിക്കുകയാണ്. കമ്മിറ്റിയിൽ നിന്ന് രണ്ടുപേർ വീതം ഓരോ മാസവും മഹിളാമന്ദിരത്തിലെത്തി ജഗദമ്മയുടെ ക്ഷേമാന്വേഷണം നടത്തിവരുന്നു. മരണമടഞ്ഞ ശ്രീമതി തങ്കമ്മയുടെ 16-ാം ചരമദിനത്തോടനുബന്ധിച്ച് മഹിളാ മന്ദിരത്തിലെ അന്തേവാസികൾക്ക് സമിതിയുടെ വകയായി സദ്യയും നടത്തി. ശ്രീമതി തങ്കമയുടെ വസ്തുവിന്റ ആധാരം ഗുരുമന്ദിരത്തിൽ നടന്ന ഒരു ചടങ്ങിൽ വച്ച് ശ്രീകാര്യം പഞ്ചായത്ത് പ്രസിഡന്റിന് കൈമാറുകയും ചെയ്തു. ഇവർക്ക് സഹായധനമായി ലഭിച്ച തുക സമിതി അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്. പത്രമാദ്ധ്യമങ്ങളിലൂടെ ഏറെ ജനശ്രദ്ധ നേടിയ ഈ പദ്ധതി ഗുരുമന്ദിര സമിതിയുടെ പ്രവർത്തനങ്ങളിൽ വിലമതിക്കാനാവാത്ത ഒന്നാണ്.

3. അന്നദാനം

ഗുരുമന്ദിര സമിതി അംഗങ്ങൾക്കും നാട്ടുകാർക്കും അവരുടെ പ്രിയപ്പെട്ട ദിനങ്ങളിൽ ഗുരുമന്ദിരത്തിൽ വെച്ച് അന്നദാനം നടത്തുന്നതിനുള്ള സൗകര്യം ഒരുക്കികൊടുത്തുകൊണ്ടുള്ള പദ്ധതിക്കും സമിതി തുടക്കമിട്ടിട്ടുണ്ട്.

4. തർക്കങ്ങൾ പരിഹരിക്കൽ

ഗുരുമന്ദിര സമിതി അംഗങ്ങൾ തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിന്, സമിതിയുടെ സഹായം ആവശ്യമുള്ളവർക്ക് സമിതി ഇടപ്പെട്ട് തർക്കപരിഹാരം നടത്താറുണ്ട്. ഇവയ്ക്കു പുറമേ സമിതി അംഗങ്ങളുടെ വീടുകളിലുണ്ടാകുന്ന ചടങ്ങുകളിൽ സമിതിയുടെ സജീവ പങ്കാളിത്തം ഉണ്ടാകാറുണ്ട്.

5. പോലീസ് പൊതുജന-സൗഹൃദ സംഗമം

ഗുരുവിന്റ ആദ്ധ്യാത്മിക പ്രവർത്തനങ്ങളോടൊപ്പം സാമൂഹികപ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുന്ന ഗുരുമന്ദിരസമിതി, പോലീസും ജനങ്ങളും തമ്മിലുള്ള സൗഹാർദ്ദം ഉറപ്പാക്കുന്നതിനുവേണ്ടി

ഒരു *പോലീസ് പൊതുജന സൗഹൃദസംഗമം* സംഘടിപ്പിക്കുകയുണ്ടായി. അതിൽ ട്രാഫിക് ബോധവൽക്കരണ ക്ലാസ്, നാടകം, എക്സിബിഷൻ എന്നിവ നടത്തുകയും ജനങ്ങളുടെ സംശയങ്ങൾക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മറുപടി പറയുകയും ചെയ്തു.

6. <u>ചിക്കൻ ഗുനിയ നിവാരണ പ്രവർത്തനങ്ങൾ</u>

കേരളത്തിലാകമാനം പടർന്നുപിടിച്ച ചിക്കൻഗുനിയ എന്ന പകർച്ചവ്യാധി തടയുന്നതിനുളള ബോധവൽക്കരണ ശ്രമങ്ങൾ ഗുരുമന്ദിരസമിതിയുടെ ആഭിമുഖ്യത്തിൽ നടത്തുകയുണ്ടായി. ബോധവൽക്കരണത്തിനായി ലഘുലേഖ പുറത്തിറക്കുകയും, ശ്രീകാര്യം പഞ്ചായത്ത് നടത്തിയ ശുചീകരണ പ്രവർത്തനങ്ങളിൽ സമിതി പങ്കെടുക്കുകയും ചെയ്തു.

7. <u>ഉത്സവഘോഷയാത്രയ്ക്കുള്ള സ്വീകരണം</u>

ഗുരുമന്ദിരത്തിന്റെ സമീപപ്രദേശങ്ങളിലുള്ള ക്ഷേത്രങ്ങളിലെ ഉത്സവങ്ങളോടനുബന്ധിച്ച് നടത്തുന്ന ആനപ്പുറത്തെഴുന്നള്ളത്ത് ഘോഷയാത്രയ്ക്ക് സമിതി സ്വീകരണങ്ങൾ നൽകിവരുന്നു.

8. <u>കമ്പ്യൂട്ടർ ക്ലാസ്സ്</u>

പാങ്ങപ്പാറ പ്രദേശത്തെ പൗരസമിതിയുടെ വിദ്യാഭ്യാസപരവും തൊഴിൽപരവുമായ അഭിവൃദ്ധിക്കായി ഗുരുമന്ദിരസമിതി *ശ്രീനാരായണ വിദ്യാഭ്യാസ തൊഴിൽ വികസന കേന്ദ്ര*ത്തിന് രൂപം നൽകിയിട്ടുണ്ട്. മുൻവർഷങ്ങളിൽ എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾക്ക് സൗജന്യക്ലാസുകളും സാക്ഷരതാമിഷന്റെ കമ്പ്യൂട്ടർ ക്ലാസുകളും നടത്തിയിരുന്നു. ഇപ്പോൾ ഇതിന്റെ പ്രവർത്തനം സജീവമാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ട്.

9. <u>ശ്രീനാരായണ ഡയറക്ടറി</u>

ലോകത്താകമാനമുള്ള ശ്രീനാരായണ പ്രസ്ഥാനങ്ങളെ സംബന്ധിച്ച് കേരളകൗമുദി പുറത്തിറക്കിയ ശ്രീനാരായണഡയറക്ടറിയിൽ പാങ്ങപ്പാറ ഗുരുമന്ദിരത്തെക്കുറിച്ച് സമഗ്രമായി പ്രതിപാദിച്ചിട്ടുണ്ട്.

10. <u>ശ്രീനാരായണ വിദ്യാഭ്യാസ അവാർഡുകൾ</u>

പാഠ്യവിഷയങ്ങളിൽ മികവുപുലർത്തുന്ന വിദ്യാർത്ഥികൾക്കായി *ശ്രീനാരായണ വിദ്യാഭ്യാസ അവാർഡുകൾ* നൽകിവരുന്നു. കാര്യവട്ടം യു.പി. സ്കൂളിലെ 1 മുതൽ 7 വരെ സ്റ്റാൻഡേർഡുകളിലെ കുട്ടികൾക്ക് ഓണം, ക്രിസ്തുമസ്, വാർഷിക പരീക്ഷകൾ എന്നിവയിലെ മികവനുസരിച്ച് ക്യാഷ് അവാർഡുകൾ നൽകുന്നു. എസ്.എസ്.എൽ.സി., ഡിഗ്രി, പി.ജി. തലങ്ങളിൽ ഉന്നതവിജയം കരസ്ഥമാക്കുന്ന വിദ്യാർത്ഥികൾ, പ്രതിഭകൾ എന്നിവരെയും ഗുരുമന്ദിരസമിതി അവാർഡു നൽകി ആദരിക്കുന്നു. സമിതിയുടെ ഈ പ്രവർത്തനം സമീപപ്രദേശങ്ങളിലെ വിദ്യാർത്ഥികളുടെ പഠനപ്രവർത്തനങ്ങൾക്ക് പ്രചോദനമാകാറുണ്ട്.

11. <u>പോളിയോ മരുന്ന് കേന്ദ്രം</u>

ആരോഗ്യവകുപ്പ് കുഞ്ഞുങ്ങൾക്ക് നൽകിവരുന്ന പോളിയോ മരുന്ന് വിതരണം ചെയ്യുന്നതിനുള്ള ഒരു കേന്ദ്രമായും ഈ ഗുരുമന്ദിരം പ്രവർത്തിക്കുന്നു.

12. <u>ജയന്തി ആഘോഷം</u>

153–ാമത് ശ്രീനാരായണ ജയന്തി ആഘോഷിക്കുകയുണ്ടായി. സാമൂഹിക–സാംസ്കാരിക, രാഷ്ട്രീയരംഗത്തെ നിരവധി പ്രമുഖവ്യക്തികളെ പങ്കെടുപ്പിച്ചുകൊണ്ടുനടത്തിയ ചടങ്ങിൽ വച്ച് *ഗുരുസാന്ത്വനം* ഉൾപ്പെടെയുള്ള നിരവധി പരിപാടികൾക്ക് തുടക്കംകുറിച്ചു.

ഗുരുസന്ദേശപ്രചാരണത്തിന് സമാന്തരമായി നാടിന്റെ സാമൂഹിക, സാംസ്കാരിക പ്രവർത്തനങ്ങളിലും സജീവമായി ഇടപെട്ടുകൊണ്ട് ഗുരുമന്ദിരസമിതി പുതിയ പ്രവർത്തന പാതകളിലൂടെ മുന്നേറുകയാണ്.